(ഇ) മിനിമം വേജസ് നൽകാത്ത തൊഴിൽ ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ ക്ലെയിം പെറ്റീഷനുകൾ സമർപ്പിച്ച് തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

(എഫ്)&(ജി) ജി.ഒ. ആർ.ടി. 2799/96/തൊഴിൽ നമ്പരായി 23.10.96-ൽ തേയില, കാപ്പി, റബ്ബർ, ഏലം തോട്ടങ്ങളിലെ മിനിമം വേതനം നോട്ടിഫിക്കേഷൻ രീതിയിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മിനിമം വേതനക്കമ്മിറ്റി ഈ മേഖലയിൽ നിലവിലില്ലായിരുന്നു.

91 (487) ക്ഷേമനിധി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് ഏതൊക്കെ തൊഴിൽമേഖലയിലുള്ളവർക്കാണ് ക്ഷേമനിധിയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കാണ് ക്ഷേമനിധി ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് താഴെപ്പറയുന്ന വിഭാഗം തൊഴിലാളികൾക്കാണ് ക്ഷേമനിധി നിലവിലുള്ളത്:-

1. കർഷകത്തൊഴിലാളികൾ
2. കൈത്തറിത്തൊഴിലാളികൾ
3. നിർമ്മാണത്തൊഴിലാളികൾ
4. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ്, തോട്ടം തുടങ്ങിയവയിലെ തൊഴിലാളികൾക്കായി കേരളാ തൊഴിലാളി ക്ഷേമനിധി
5. അബ്കാരി തൊഴിലാളികൾ
6. ചുമട്ടു തൊഴിലാളികൾ
7. തയ്യൽ തൊഴിലാളികൾ
8. കള്ളുചെത്തു തൊഴിലാളികൾ
9. മോട്ടോർ തൊഴിലാളികൾ
10. കശുവണ്ടി തൊഴിലാളികൾ
11. ബീഡി ചുരുട്ടു തൊഴിലാളികൾ
12. ഓട്ടോറിക്ഷാ തൊഴിലാളികൾ
13. ഈറ്റ, തഴപ്പായ്, കാട്ടുവള്ളി തൊഴിലാളികൾ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി 1996-ൽ രൂപീകരിച്ചിട്ടുണ്ട്. ബീഡി, സിഗാർ തൊഴിലാളികൾക്കുവേണ്ടി 1995-ൽ ഉണ്ടാക്കിയ ക്ഷേമനിധി

LIBRARY ARCHIVES Kerala Legislative Assembly

നിയമം നടപ്പിൽവരുത്തുന്നതിന് 1999-ൽ ബോർഡ് രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

92 (488) തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഇപ്പോൾ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പുതുതായി ഏതെങ്കിലും വിഭാഗത്തിന് ക്ഷേമനിധി ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികളെ ഒരു ക്ഷേമപദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചുവടെ ചേർത്തിട്ടുള്ള വിഭാഗം തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ കീഴിൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്.

1. കർഷകത്തൊഴിലാളികൾ
2. കൈത്തറിത്തൊഴിലാളികൾ
3. നിർമ്മാണത്തൊഴിലാളികൾ
4. എല്ലാ വിഭാഗം തൊഴിലാളികൾക്കുമായുള്ള കേരള തൊഴിലാളി ക്ഷേമനിധി.
5. അബ്കാരി തൊഴിലാളി ക്ഷേമനിധി
6. ചുമട്ടു തൊഴിലാളികൾ
7. മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾ
8. തയ്യൽ തൊഴിലാളികൾ
9. കള്ളുചെത്ത് തൊഴിലാളികൾ
10. കശുവണ്ടി തൊഴിലാളികൾ
11. ബീഡിചുരുട്ടു തൊഴിലാളികൾ
12. ഓട്ടോറിക്ഷാ തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly